milma

Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No:MRU:P&I:15:MLP: 5 01.04.2025

## സർക്കുലർ 1043/2025

**വിഷയം:** ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾക്ക് അധിക പാൽവില നൽകുന്നത് സംബന്ധിച്ച്.

**സൂചന :**

1. **മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 29.03.2025 തിയ്യതിയിലെ 4/(GEN)/4-ാം നമ്പർ തീരുമാനം.**
2. **മലബാർ മേഖലാ യൂണിയന്റെ 04.11.2024 തീയ്യതിയിലെ 1014/2024 നമ്പർ സർക്കുലർ.**
3. **മലബാർ മേഖലാ യൂണിയന്റെ 27.02.2025 തീയ്യതിയിലെ 1037/2024 നമ്പർ സർക്കുലർ.**

മേൽ സൂചന സർക്കുലർ (2) പ്രകാരം, മേഖലാ യൂണിയൻ 2024 ഡിസംബർ മാസത്തെ പാലളവിന് അനുസൃതമായി നൽകിയ 1 രൂപയും, സൂചന സർക്കുലർ (3) പ്രകാരം 2025 മാർച്ച് മാസത്തിൽ അളക്കുന്ന പാലളവിന് അനുസൃതമായി നൽകുവാൻ പ്രഖ്യാപിച്ച 1 രൂപ 50 പൈസയും ചേർത്ത് ആകെ 2 രൂപ 50 പൈസ 2025 മാർച്ച് മാസത്തിൽ ക്ഷീര കർഷകർക്ക് നൽകുന്ന കാര്യം അറിയിച്ചിരുന്നുവല്ലോ. പ്രസ്തുത 2 രൂപ 50 പൈസ മാർച്ച് മാസത്തെ 3-ാമത്തെ പാൽ വിലയോടൊപ്പം ലഭിക്കുന്നതാണ്. ഇതിനു പുറമെ, **മേഖലാ യൂണിയനിലേക്കു പാൽ അയക്കുന്ന എല്ലാ ആനന്ദ് മാതൃക ക്ഷീരസംഘങ്ങൾക്കും 2025 മാർച്ച് 1 മുതൽ 31 വരെ മിൽമയ്ക്ക് ലഭിച്ച പാലിന്റെ ഗുണനിലവാരം അടിസ്ഥാനമാക്കി ലിറ്ററിന് 2 രൂപ കൂടി റംസാൻ, വിഷു, ഈസ്റ്റർ എന്നീ ആഘോഷങ്ങൾ പ്രമാണിച്ച് അധിക പാൽവിലയായി** നൽകുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

കൂടാതെ 2025 മാർച്ച് മാസത്തിൽ മേഖലാ യൂണിയന് നൽകുന്ന പാലളവിന് അനുസൃതമായി ക്ഷീര സംഘങ്ങൾക്ക് കൈകാര്യച്ചെലവുകൾക്ക് പ്രവർത്തന ഫണ്ടായി അധിക പാൽ വിലയായി ലിറ്ററിന് 1 രൂപ പ്രകാരവും, മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ ക്ഷീര സംഘങ്ങളിലൂടെയും ഇൻവോയ്സ് ചെയ്യുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് 150 രൂപ വീതം 2025 ഏപ്രിൽ മാസത്തിൽ സബ്സിഡിയും അനുവദിക്കുന്നതാണ്.

### 1. ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ കർഷകർക്ക് അധിക പാൽ വില

മേഖലാ യൂണിയനിലേക്കു പാൽ അയക്കുന്ന എല്ലാ ആനന്ദ് മാതൃക ക്ഷീരസംഘങ്ങൾക്കും 2025 മാർച്ച് 1 മുതൽ 31 വരെ മിൽമയ്ക്ക് ലഭിച്ച പാലിനെ അടിസ്ഥാനമാക്കി മുൻപ് പ്രഖ്യാപിച്ച രണ്ട് തവണയായുള്ള അധിക പാൽ വിലയ്ക്ക് പുറമേ ലിറ്ററിന് 2 രൂപ കൂടി റംസാൻ, വിഷു, ഈസ്റ്റർ എന്നീ ആഘോഷങ്ങൾ പ്രമാണിച്ച് അധിക പാൽവിലയായി നൽകുന്നതാണ്. ഇത് പാലിന്റെ ഗുണനിലവാരം (SNF%) അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 2 രൂപ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന്/12% എങ്കിലും മൊത്തം ഖരപദാർത്ഥങ്ങൾ ഇല്ലാത്തതുമായ പാലിന് ലിറ്ററിന് 1 രൂപ 50 പൈസ പ്രകാരം. |

ആനന്ദ് മാതൃക ക്ഷീര സംഘങ്ങൾ 01.03.2025 മുതൽ 31.03.2025 വരെയുള്ള പാലിന് മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) **റംസാൻ, വിഷു, ഈസ്റ്റർ** എന്നീ ആഘോഷങ്ങളുടെ ഭാഗമായി 2025 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്യേണ്ടതാണെന്ന് അറിയിച്ചുകൊള്ളുന്നു. 2025 മാർച്ച് മാസത്തെ 4-ാം നമ്പർ മിൽക്ക് ബില്ലായി ഈ തുക മിൽമ ക്ഷീര സംഘങ്ങൾക്ക് കൈമാറുന്നതാണ്. ആയത് ക്യാഷ് ബുക്കിൽ 15.05.2025 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് അധികാരികൾക്ക്, 20.05.2025 നു മുമ്പായി ക്ലെയിം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധിക പാൽ വില തിരികെ ഈടാക്കുന്നതായിരിക്കും.

**2. ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്ക് പ്രവർത്തന ഫണ്ടിനായി അധിക പാൽ വില**

2025 മാർച്ച് 1 മുതൽ 31 വരെ മേഖലാ യൂണിയന് പാൽ നൽകിയ എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും പ്രസ്തുത മാസത്തിലെ പാലളവിന് അനുസൃതമായി മേഖലാ യൂണിയന് നൽകിയ പാൽ ലിറ്റർ ഒന്നിന് 1 രൂപ പ്രകാരം സംഘങ്ങളുടെ കൈകാര്യ ചെലവുകൾക്കായി പ്രവർത്തന ഫണ്ടായി ഉപയോഗപ്പെടുത്തുന്നതിന് അധിക പാൽ വില അനുവദിക്കുന്നതാണ്. 2025 ഏപ്രിൽ മാസത്തെ 2-ാം മത്തെ പാൽ വിലയിലൂടെ ഈ തുക ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്ക് കൈമാറുന്നതാണ്.

**3. ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി**

മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ ക്ഷീര സംഘങ്ങളിലൂടെയും ക്ഷീരകർഷകർക്കു നൽകുന്നതിനായി, ഇൻവോയ്സ് ചെയ്യുന്ന **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് 150 രൂപ** വീതം 2025 ഏപ്രിൽ മാസം സബ്സിഡി അനുവദിക്കുന്നതാണ്. കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും ക്ഷീര കർഷകർ വാങ്ങുന്ന മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷന്റെ പെല്ലെറ്റ് രൂപത്തിലുള്ള **ടി.എം.ആർ കാലിത്തീറ്റയ്ക്കും, ട്രൂ മീൽ ടി.എം.ആർ.ഫീഡിനും കിലോയ്ക്ക് 1 രൂപ വീതം സബ്സിഡി** നൽകുന്നതാണ്.

ഇതിന് പുറമേ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ കാലിത്തീറ്റ സബ്സിഡിയായി **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് 100 രൂപ** ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടെ മിൽമയുടെ കാലിത്തീറ്റ സബ്സിഡിയായി 50 കിലോ ചാക്ക് ഒന്നിന് 250 രൂപ ക്ഷീര കർഷകർക്ക് ലഭിക്കുന്നതാണ്.

1/4/25.

**മാനേജിംഗ് ഡയറക്ടർ**

1/4.

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

**പകർപ്പ് : - മേൽ നടപടികൾക്കായി**

(1) ജനറൽ മാനേജർ
(2) സീനിയർ മാനേജർ,കോഴിക്കോട്/പാലക്കാട് ഡെയറി.
(3) എല്ലാ ഡെയറി മാനേജർമാർക്കും
(4) മാനേജർ (പി ആന്റ് ഐ),
(5) മാനേജർ (എം.ഐ.എസ് & എസ്)
(6) മാനേജർ (ഫിനാൻസ്)
(7) ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
(8) പി&ഐ സബ് യൂണിറ്റ് മേധാവികൾ
(9) മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ & പട്ടണക്കാട്

**പകർപ്പ് : - അറിവിലേയ്ക്കായി**

(1) ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
(2)മാനേജർ,എം.പി.എഫ്
(3) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
(4) പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
(5) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
(6)അസിസ്റ്റന്റ്ഡയറക്ടർ (ഓഡിറ്റ്)

**2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ അധിക പാൽ വില (2 രൂപ) നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ................................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ മിൽമയിൽ നൽകിയ

   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (................ രൂപ പ്രകാരം)
7. 2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഭരിച്ച പാലിന്

   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഘം സംഭരിച്ച ....................................ലിറ്റർ പാലിന് അധിക വിലയായി................................രൂപ (.................................................................................. രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത്...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.................................................................ക്ഷീരോൽപ്പാദക സഹകരണ സംഘം 2025 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് .......................തിയ്യതി പരിശോധിച്ചു. ആയതിനാൽ ......................രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി